# മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം
# പ്രസിഡന്റ് ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായിൽ നിന്നും

**സർക്കുലർ നമ്പർ : 2 / 2023**

കർത്താവിൽ പ്രിയരെ,

മാർത്തോമ്മ സന്നദ്ധ സുവിശേഷക സംഘം ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ അതിന്റെ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന ദൈവകൃപയ്ക്കായി സ്തോത്രം.

'ഒരു സുവിശേഷകനായി മാത്രം ആയുസ്സു പൂർത്തീകരിക്കണമെന്നതു മാത്രമാണ് എന്റെ അഭിവാഞ്ച' എന്നു പ്രസ്താവിച്ച ഭാഗ്യസ്മരണീയനായ ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ സുവിശേഷവേലയോടുള്ള അടങ്ങാത്ത അഭിവാഞ്ചയാണ് സ്വമേധാ സുവിശേഷസംഘത്തിന് കാരണമായത്. 1895-ലെ ആത്മീയ ഉണർവ്വിനാൽ സ്വാധീനിക്കപ്പെട്ട വിശ്വാസികൾ ആരംഭിച്ച മദ്ധ്യസ്ഥ പ്രാർത്ഥനാ സമാജം, സ്വമേധാ സുവിശേഷക സംഘത്തിന് ദിശാബോധം നൽകി. 1924 ഓഗസ്റ്റ് 24-ാം തീയതി ശനിയാഴ്ച അയിരൂർ ചായൽ പള്ളിയിൽവച്ചു കൂടിയ മീറ്റിംഗിൽ മലങ്കര മാർത്തോമ്മാ സ്വമേധാ സുവിശേഷക സംഘം രൂപീകൃതമായി. ദിവ്യശ്രീ. സി.പി. ഫിലിപ്പോസ് കശീശ്ശാ പ്രസിഡന്റായും, മൂത്താമ്പാക്കൽ സാധുകൊച്ചുകുഞ്ഞുപദേശി ജനറൽ സെക്രട്ടറിയായും, കോളാകോട്ടു സി.ജെ. ജോൺ ഉപദേശി സഞ്ചാര സെക്രട്ടറിയായും നിയോഗിക്കപ്പെട്ടു. 1938-ൽ 'മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം എന്ന ഇപ്പോഴത്തെ പേരുനൽകുകയും അങ്ങനെ അറിയപ്പെടുകയും ചെയ്യുന്നു. ഇന്ന് സംഘത്തിന് നാലു മിഷൻ ഫീൽഡുകളും, കൊമ്പാടിയിൽ ഓഫീസും, എ.എം.എം. ബൈബിൾ ഇൻസ്റ്റിട്യൂട്ടും, ധ്യാനമന്ദിരവും, ക്യാമ്പ് സെന്ററും, ഗോസ്പൽ ടീമും പ്രവർത്തിക്കുന്നു. എല്ലാ മാസവും സന്നദ്ധ സന്ദേശം മാസികയിലൂടെ ഏവൻഗേലിയോൻ ധ്യാനങ്ങളും പഠനങ്ങളും വിശ്വാസ സമൂഹത്തിന് നൽകിക്കൊണ്ടിരിക്കുന്നു. എല്ലാ മാസങ്ങളിലും പ്രത്യേക പ്രാർത്ഥനകൾക്കും മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കും കൊമ്പാടിയിലെ ധ്യാനമന്ദിരവും ചാപ്പലും ഉപയോഗിക്കുന്നു. 2023-26 വർഷത്തിൽ 720 ൽപരം ശാഖകൾ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു.

സംഘത്തിന്റെ ശതാബ്ദിയുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾക്ക് മാനേജിംഗ് കമ്മറ്റി രൂപരേഖ തയ്യാറാക്കി കഴിഞ്ഞു. ശതാബ്ദി പരിപാടികളുടെ ഉദ്ഘാടനം 2023 ജൂലൈ 30 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് കൊട്ടാരക്കര ജൂബിലി മന്ദിരം ഓഡിറ്റോറിയത്തിൽ വച്ച് നി.വ.ദി.മ.ശ്രീ.ഡോ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നതും, അഭിവന്ദ്യ തിരുമേനിമാർ ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട ഫിഷറീസ് സാംസ്ക്കാരിക യുവജനകാര്യവകുപ്പ് മന്ത്രി സജി ചെറിയാൻ, ബഹു. എൻ.കെ. പ്രേമചന്ദ്രൻ എം.പി. എന്നിവരും പങ്കെടുക്കുന്നതായിരിക്കും. എല്ലാ ഇടവകമിഷനുകളിൽ നിന്നും പൂർണ്ണമായ പങ്കാളിത്തം ഈ മീറ്റിംഗിൽ ഉണ്ടാവണം. ഇടവക മിഷനായോ, സെന്ററുകളായോ വാഹനങ്ങൾ ക്രമീകരിച്ച് പ്രവർത്തകരെ എത്തിക്കുവാൻ ബഹുമാനപ്പെട്ട അച്ചന്മാർ മുൻകൈ എടുക്കണം. കേന്ദ്രത്തിൽനിന്നും നൽകുന്ന നിർദ്ദേശം അനുസരിച്ച് എല്ലാ ഇടവകകളിലും ശതാബ്ദി സംബന്ധിച്ച് ബാനർ പ്രദർശിപ്പിക്കുവാൻ ക്രമീകരണം ചെയ്യണം. കഴിഞ്ഞ ഒരു നൂറ്റാണ്ടു മുഴുവൻ ദൈവം നടത്തിയ വഴികൾ ഓർത്ത് നന്ദിപറഞ്ഞ് പ്രാർത്ഥിക്കുകയും ഉണർവ്വു യോഗങ്ങൾ ക്രമീകരിക്കുകയും വേണം.

ശതാബ്ദി പരിപാടികളുടെ ഭാഗമായി അച്ചൻകോവിൽ മിഷൻവീട് കൂദാശ ചെയ്യപ്പെടുന്നതോടൊപ്പം, ഒരു പുതിയ മിഷൻ സെന്ററിന്റെ ആരംഭം കുറിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. നിർദ്ധനരായ 100 രോഗികൾക്ക് സൗജന്യ ഡയാലിസിസ്, 10 തിമിരശസ്ത്രക്രിയകൾ, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, പ്രതിദിന ധ്യാന പുസ്തകം ശതാബ്ദിവാല്യം, സുവിശേഷദർശനം പകരുവാൻ യൗവനക്കാർക്കായി കോൺഫറൻസ് തുടങ്ങി വ്യത്യസ്തമായ പദ്ധതികൾ ആസുത്രണം ചെയ്തിരിക്കുന്നു. പ്രിയരെ, കഴിഞ്ഞ സംവത്സരങ്ങളിൽ അനുഭവിച്ച ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യാം. സുവിശേഷകരായി ലോകമെമ്പാടും നമുക്കു സാക്ഷികളാകാം.

കൃപ നിങ്ങളോടുകൂടെയിരിക്കുമാറാകട്ടെ.

ക്രിസ്താബ്ദം 2023 ജൂൺ 28-ാം തീയതി
മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം ഓഫീസിൽനിന്നും

Mar St. 28/6/2023

**നി.വ.ദി.ശ്രീ.ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ**
സന്നദ്ധ സുവിശേഷക സംഘം പ്രസിഡന്റ്